ഉത്തരം

(എ) പുതുതായി തുടങ്ങിയ വൊക്കേഷണൽ കോഴ്സുകൾക്ക് കെ.പി.സി.ആർ. ആനുകൂല്യം നല്കുന്ന കാര്യം പരിശോധനയിലാണ്.

(ബി) പരിശോധിക്കുന്നതാണ്.

പിന്നോക്ക സമുദായക്ഷേമ സമിതിയുടെ പത്താമത് റിപ്പോർട്ടിൻമേലുള്ള നടപടി

5 (168) ശ്രീ. പി. പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്രം നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കുശവൻ, വേളൻ, കുംഭാരൻ, ഓടൻ, കുലാലൻ, ആന്ധ്രനായർ, ആന്തൂർ നായർ എന്നീ സമുദായാംഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക ശോചനീയാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ചുള്ള പിന്നോക്ക സമുദായക്ഷേമ സമിതിയുടെ 10-ാമത് റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം ആണ്; ഇവ എന്നത്തേക്ക് നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്† പ്രസ്തുത ശുപാർശകൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടികജാതിക്കാർക്കുള്ള സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

6 (169) ശ്രീ.എൻ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ പട്ടികജാതിക്കാർക്കുള്ള സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയെ സംബന്ധിച്ചുള്ള സർക്കാർ തീരുമാനത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ എത്ര പഞ്ചായത്തുകളാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

---

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5 (168) ന്റെ 'ബി' ഉത്തരം ദയവായി കാണുക]

പിന്നോക്ക സമുദായക്ഷേമ സമിതിയുടെ പത്താമത് റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെകൊടുക്കുന്നു.

1. സംസ്ഥാനത്തെ മൂന്നുലക്ഷത്തി എൺപതിനായിരം വരുന്ന കുശവസമുദായത്തിന്റെ കൈത്തൊഴിൽ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, അയൽ സംസ്ഥാനങ്ങളിൽ നിന്ന് ലോറികളിൽ മൺപാത്രങ്ങളുമായി എത്തുന്ന മൺപാത്ര വ്യവസായികൾ നമ്മുടെ വിപണി കൈയടക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ സർക്കാർ സത്വര നടപടികൾ സ്വീകരിക്കുക.

2. പരമ്പരാഗത കളിമൺപാത്ര വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കുംബാര സമുദായാംഗങ്ങൾക്ക് അവരുടെ സാമ്പത്തിക ശോച്യാവസ്ഥ പരിഗണിച്ച് കളിമണ്ണ്, മണൽ എന്നീ അസംസ്കൃത സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനും തൊഴിലുപകരണങ്ങൾ വാങ്ങാനും ഖാദി ഗ്രാമവ്യവസായ ബോർഡ് ചെറുകിട വ്യവസായ കോർപ്പറേഷൻ മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ എന്നിവയിൽ നിന്നും സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കാനും സർക്കാർ നടപടി സ്വീകരിക്കുക; ചൂളകൾക്ക് ആവശ്യമുള്ള വിറകിന്റെ ദൗർലഭ്യം പരിഗണിച്ച് വനംവകുപ്പിന്റെ സഹായത്തോടെ ഇവർക്ക് ആവശ്യാനുസരണം വിറക് ലഭ്യമാക്കാൻ നടപടി കൈക്കൊള്ളാനും സർക്കാർ നടപടി സ്വീകരിക്കുക.

3. കേന്ദ്ര സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ആകാശവാണി, ദൂരദർശൻ, സിനിമ, സർക്കാർ പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെ കുശവസമുദായാംഗങ്ങളുടെ വികാരങ്ങളെ മുറിപ്പെടുത്തുന്ന അനാദര സൂചകമായ പദപ്രയോഗങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുക. ഈ നിർദ്ദേശം ലംഘിക്കുന്നവരുടെ മേൽ കർശന നടപടി സ്വീകരിക്കുക.

4. മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ കൂടി സാമ്പത്തിക പുരോഗതി ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട സംസ്ഥാന ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ചും ഖാദി ബോർഡ്, ഐ.ആർ.ഡി.പി. എന്നീ സ്ഥാപനങ്ങൾ നൽകുന്ന വായ്പാ പദ്ധതികളെക്കുറിച്ചും നിലവിലുള്ള "ഡിസ്ട്രിബ്യൂഷൻ ഓഫ് ഇംപ്രൂവ്ഡ് ടൂൾസ് ടു റൂറൽ ആർട്ടിസാൻസ്" പദ്ധതിയെക്കുറിച്ചും കുശവർക്ക് കാര്യമായ അറിവില്ലാത്തതിനാൽ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഇത് സംബന്ധിച്ച് വ്യാപകമായ പ്രചരണം നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

5. പ്രത്യേക സീറ്റ് സംവരണം ഇല്ലാത്തതുകൊണ്ടും ഓപ്പൺ ടെസ്റ്റിൽ മൽസരിച്ച് ജയിക്കാൻ കഴിയാത്തതുകൊണ്ടും ഇവരുടെ കുട്ടികൾക്ക് മെഡിസിൻ/എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നില്ല എന്നതിനാൽ ഈ വിഭാഗങ്ങൾക്കുകൂടി സംവരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കാൻ ആവശ്യ നടപടി സർക്കാർ സ്വീകരിക്കുക.

6. മൺപാത്ര നിർമ്മാണ തൊഴിലിൽ (പോട്ടറി വർക്സ്) താല്പര്യമുള്ള കുശവ സമുദായാംഗങ്ങൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതയനുസരിച്ച് വിദഗ്ദ്ധ തൊഴിൽ പരിശീലനം കിട്ടുവാൻ വേണ്ടി കാൺപൂർ പോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് (കർണാടക) നെയ്വേലി സിറാമിക്സ് (തമിഴ്നാട്) കൽക്കട്ട സിറാമിക്സ് ഇൻസ്റ്റിറ്റ്യൂട്ട് (പശ്ചിമ ബംഗാൾ) ഐ.ഐ.ടി (സിറാമിക്സ് ടെക്നോളജി) ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി (യുപി.) എന്നീ സ്ഥാപനങ്ങളിൽ പ്രത്യേകം സീറ്റു സംവരണത്തിനും സർക്കാർ സഹായത്തോടുകൂടി കോഴ്സുകൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുക.

അനുബന്ധം -VII

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 21 (184) ന്റെ 'ബി' ഉത്തരം ദയവായി കാണുക]

പട്ടികവർഗ്ഗക്കാരുടെ ജാതി തിരിച്ചുള്ള കണക്ക്

ജാതിയുടെ പേര്	1981-ലെ കണക്ക്	1991-ലെ കണക്ക് (xx)
(1)	(2)	(3)
1. അടിയൻ	8152	10208
2. അരനാടൻ	95	119
3. ഇരവാലൻ	2071	2593
4. ഹിൽപുലയൻ	3092	3872
5. ഇരുളൻ, ഇരുളർ	18698	23415
6. കാടർ	1503	1882
7. കമ്മാറ	83	104
8. കാണിക്കാൻ	13724	17156

LIBRARY ARCHIVES Kerala Legislative Assembly